II.ഇ.ബി. XII--കേരള നിയമസഭ/V-19

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 23, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

145 (*631) തടവുകാരുടെ മയക്കുമരുന്നുപയോഗം

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ജയിലുകളിൽ കഴിയുന്ന തടവുകാർ വ്യാപകമായി മയക്ക് മരുന്ന് ഉപയോഗിക്കുന്നതായി റിപ്പോർട്ട് കിട്ടിയതിനെത്തുടർന്ന് ഇടയ്ക്കിടെ മിന്നൽ പരിശോധന നടത്തി കയ്യോടെ പിടികൂടുന്ന പ്രതികളുടെ പേരിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തൊട്ടാകെ ഇതുസംബന്ധിച്ച 16 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജയിലുകളിൽനിന്നും ശിക്ഷാ തടവുകാരേയും വിചാരണത്തടവുകാരേയും കോടതികളിലും ആശുപത്രികളിലും കൊണ്ടുപോകുന്ന വേളകളിലാണ് തടവുകാർക്ക് മയക്കുമരുന്ന് ലഭിക്കുന്നത് എന്നുള്ളത് മനസ്സിലാക്കി അവരെ തിരിച്ചുകൊണ്ടുവരുമ്പോഴുള്ള പരിശോധനാ ക്രമീകരണങ്ങൾ പോലീസിന്റെ സഹായത്തോടെ ശക്തിപ്പെടുത്തിയതിന്റെയും ജയിലുകളിൽ മയക്കുമരുന്ന് വിതരണം കർശനമാക്കിയതിന്റേയും ഫലമായി മുൻകാലങ്ങളെ അപേക്ഷിച്ച് കുറെയേറെ

നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനിതാ തടവുകാരെയും സന്ദർശകരേയും വനിതാ വാർഡന്മാരും പുരുഷ സന്ദർശകരെ പുരുഷ വാർഡന്മാരും പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മയക്കു മരുന്ന്, മദ്യം തുടങ്ങിയ അനധികൃത സാധനങ്ങൾ എത്തിച്ചുകൊടു ക്കുന്നതിൽ തടവുകാർക്ക് പങ്കാളിത്തം ഉണ്ടെന്നുള്ള പരാതി കിട്ടിയാൽ അത് പരിശോധിക്കാൻ പ്രത്യേക ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. ജയിൽ ജീവനക്കാരുടെ പങ്കാളിത്തത്തെക്കുറിച്ച് ഉയർന്നുവന്ന പരാതികളിന്മേൽ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ അത്തരം കേസ്സിൽപ്പെട്ട ഒരു വാർഡനേയും മൂന്ന് ഹെഡ് വാർന്മാരേയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി അനധികൃത സാധനങ്ങൾ ജയിലിനുള്ളിലേയ്ക്ക് കടത്തുന്നതിനെ സംബന്ധിച്ച് പരിശോധനകൾ നടത്താറില്ലായിരുന്നുവെന്നും ഇപ്പോൾ ജയിൽ ഡി.ജി.പി.യുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി. ഹൈക്കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തടവുകാരെ നടയടിക്കുവിധേയ മാക്കുന്ന പ്രാകൃത സംപ്രദായം നിരോധിക്കാനുള്ള നടപടി സ്വീകരിക്കു ന്നതാണ്. തടവുകാരെ കാണാൻ വരുന്ന ബന്ധുക്കളുമായി മുഖാമുഖം കണ്ട് സംസാരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തടവുകാർക്ക് കഴിക്കാൻ പറ്റുന്ന രീതിയിൽ ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്ന തിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷ് ഭരണ കാലത്തുള്ള ജയിൽ ആക്ടും ചട്ടങ്ങളും പരിഷ്ക്കരിച്ച് ഒരു പുതിയ കേരള പ്രിസൺസ് ആക്ട് ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ജയിലുക

ളിൽ എല്ലാ തടവുകാരേയും ഒരുപോലെയാണ് കാണുന്നതെന്നും അരാജകത്വം അനുവദിക്കില്ലെന്നും എന്നാൽ തടവുകാർക്ക് അർഹമായ മാനുഷിക പരിഗണന നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർത്ഥികളേയും യുവതലമുറയേയും വഴിതെറ്റിക്കുന്ന തരത്തിൽ കാമ്പസ്സുകളിൽ മയക്കുമരുന്ന് വിതരണം ചെയ്യുന്നതിനെപ്പറ്റി അന്വേഷിക്കുന്നതിന് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ പോലീസ് ടീമിനെ നിയോഗിച്ചിട്ടുണ്ട്. ജീവപര്യന്തം ശിക്ഷിച്ച തടവുകാരെ 14 വർഷം കഴിയുമ്പോൾ വിടുന്നതിന് ജയിൽ അഡ്വൈസറി കമ്മിറ്റിയുടെ ശുപാർശപ്രകാരം ഗവർണ്ണർ തീരുമാനമെടുത്തുവരുന്നു. തടവുകാരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് കൗൺസിലിംഗ് ഉൾപ്പെടെയുള്ളവ കൊണ്ടുവന്ന് കാലാനുസൃതമായി ജയിൽ മാന്വൽ പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സാഹിത്യകാരന്മാർ കവികൾ തുടങ്ങിയവരുടെ അഭിപ്രായമനുസരിച്ച് തടവുകാരുടെ മാനസ്സാന്തരത്തിനായി മ്യൂസിക് തെറാപി പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ജയിൽചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ജയിലുകളിൽ നടത്തുന്ന എസ്.ടി.ഡി.ബൂത്തിന്റെ പ്രവർത്തനം തടയുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം കിട്ടിയാലുടൻതന്നെ കണ്ണൂർ ജയിലിൽ മൊബൈൽ ജാമർ സ്ഥാപിക്കുന്നതാണെന്നും അതിനുശേഷം സംസ്ഥാനത്തെ എല്ലാ ജയിലുകളിലും പ്രസ്തുത സംവിധാനം വ്യാപിപ്പിക്കുന്നതാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

146 (*632) <u>സ്പിരിറ്റ് കടത്ത്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, സ്പിരിറ്റ് കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തമാക്കി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും ഉദ്യോഗസ്ഥരെ നിയോഗിച്ച് വാഹന പരിശോധന നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അമരവിള ചെക്ക്പോസ്റ്റ് ഉൾപ്പെടുന്ന അതിർത്തി പ്രദേശമായ നെയ്യാറ്റിൻകര താലൂക്കിൽ നിരീക്ഷണം നടത്തുന്നതിനായി 24 മണിക്കൂറും ബോർഡർ പട്രോളിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. അതിന്റെ ഫലമായി പ്രസ്തുത ചെക്ക്പോസ്റ്റ് വഴി കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ 46356 ലിറ്റർ സ്പിരിറ്റ് കടത്ത് പിടിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ തന്നെ ബാരിക്കേഡുകളും യാഡുകളും സ്ഥാപിച്ചുകൊണ്ടും ഉപചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. അമരവിള ചെക്ക് പോസ്റ്റിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടറേയും 2 എക്സൈസ് ഇൻസ്പെക്ടർമാരേയും ഉൾപ്പെടുത്തി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സിന്റെ പ്രവർത്തനം ജില്ലയിലെ 4 താലൂക്കുകളിൽ നിലവിലുണ്ട്. കേരളത്തിലെ തൊഴിലാളി സംഘടനകളും ജനപ്രതിനിധികളും എക്സൈസ് കമ്മിഷണറും അടങ്ങുന്ന കമ്മിറ്റിയുടെ ശുപാർശപ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് നിലവിലുള്ള നിയമം എത്രയുംവേഗം പുതുക്കി നിശ്ചയിക്കുന്നതാണ്. തൊഴിലധിഷ്ഠിത വ്യവസായമായ കള്ളുചെത്ത് വ്യവസായത്തെ

പ്രോൽസാഹിപ്പിച്ച് അതിനെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള സത്വര നടപടികൾ ഗവണ്മെന്റ് സ്വീകരിച്ചുവരികയാണ്. മുൻഗവണ്മെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ ഈ ഗവണ്മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. . സ്പിരിറ്റു കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനും അവ സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഊടുവഴികളിലൂടെയും കടൽമാർഗ്ഗവും മറ്റും സ്പിരിറ്റും വ്യാജമദ്യവും കടത്തുന്നതു തടയുന്നതിനും വ്യാജമദ്യം പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികം കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. വ്യാജമദ്യം തടയുന്നതിനായി എം.എൽ.എ.മാർ, എം.പി.മാർ, തൊഴിലാളി സംഘടനാ നേതാക്കൾ, നോൺ ഗവണ്മെന്റൽ ഓർഗനൈസേഷൻസ് തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി ജില്ലാതലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാകളക്ടർമാരുടേയുംകൂടി നിർദ്ദേശാനുസരണം നിയോജകമണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും വാർഡ്തലം വരെ കമ്മിറ്റികൾ സംഘടിപ്പിച്ച് കുടുംബശ്രീ, വിദ്യാർത്ഥി സംഘടനകൾ എന്നിവരേയും ഉൾപ്പെടുത്തി വ്യാജമദ്യ ഒഴുക്ക് തടയുന്നതിനുള്ള കർശന നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഗവണ്മെന്റ് ഉടമസ്ഥതയിൽ ആവശ്യമായ സ്പിരിറ്റും ഇ.എൻ.എ.(Extra Neutral Alcohol) യും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നതാണ്. എക്സൈസ്, പോലീസ്, റവന്യൂ, ഫോറസ്റ്റ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കാനും വളരെ വിപുലമായ സംവിധാനത്തോടുകൂടി

എക്സൈസ് വകുപ്പിനെ നവീകരിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. യഥാർത്ഥ മദ്യവും വ്യാജ മദ്യവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിനുള്ള ചില യന്ത്രങ്ങൾ ഘടിപ്പിച്ച ലബോറട്ടറികൾ സ്ഥാപിച്ച് .വ്യാജമദ്യത്തിന്റെ ഒഴുക്ക് തടയുന്നതോടൊപ്പംതന്നെ ഉദയഭാനു കമ്മിഷൻ റിപ്പോർട്ട് പ്രകാരം ഘട്ടംഘട്ടമായി മദ്യവർജ്ജനത്തിനുള്ള പരിശ്രമവും നട ത്തുന്നതാണെന്ന് ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

147 (*633) <u>കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാന പദ്ധതികളെ കേന്ദ്ര സർക്കാർ പിന്തുണയ്ക്കുമെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും പദ്ധതി പ്രഖ്യാപനം വന്നയുടൻതന്നെ കേരളത്തിന്റെ ആവശ്യങ്ങളുന്നയിച്ച് കേന്ദ്ര ഗവണ്മെന്റിന് കത്തെഴുതിയിരുന്നു. സ്വതന്ത്ര വ്യാപാര കരാറുകളുടെ ഭാഗമായുള്ള കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങളുടെ ഫലമായി കേരളത്തിന് 4000 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് ഈ തുകയുടെ നല്ലൊരു ഭാഗം കേരളത്തിന് അനുവദിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. നാളികേര കൃഷി വികസനത്തിനായി 6370 കോടി രൂപയുടേയും കുരുമുളക് കൃഷി വികസനത്തിനായി 1340 കോടി രൂപയുടേയും കശുമാവ് കൃഷി വികസനത്തിനായി 191 കോടി രൂപയുടേയും ഏലം കൃഷി വികസനത്തിനായി 88.5 കോടി രൂപയുടേയും സുഗന്ധവ്യഞ്ജനങ്ങൾക്കായി 85 കോടി രൂപയുടേയും പുഷ്പകൃഷി വികസനത്തിനായി 15 കോടി രൂപയുടേയും പദ്ധതികൾ കേന്ദ്രസർക്കാരിന്റെ

അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി കേരളത്തിലെ 100 ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി തെരഞ്ഞെടുത്ത് 28 കോടി രൂപയുടെ ഒരു പദ്ധതി ഹോർട്ടിക്കൾച്ചർ മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതാണ്. കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് രൂപീകരിക്കാനുള്ള ശ്രമം ഗവണ്മെന്റ് നടത്തുന്നതിനുപുറമെ തരിശായിക്കിടക്കുന്ന 44000-ൽചില്വാനം ഹെക്ടർ ഭൂമിയിൽ നെൽക്കൃഷി ചെയ്യാവുന്നയിടങ്ങളിൽ നെൽക്കൃഷി ചെയ്യാനുള്ള ഒരു പദ്ധതിയും ആവിഷ്ക്കരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

148 (*635) <u>അടയ്ക്കാ കൃഷി</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് അടയ്ക്കാ കൃഷി പുനരുജ്ജീവിപ്പിക്കാൻവേണ്ടി 2006-07-ൽ 11.70 കോടി രൂപയുടെ പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നറിയിച്ചു. ഇതിനായി കേന്ദ്ര പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള പ്രധാനപരിപാടികൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| രോഗം ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റുന്നതിന് (50 കവുങ്ങ്/ഹെക്ടർ)100 രൂപ കോമ്പൻസേഷൻ | 5000.00രൂപ |
| വെട്ടിമാറ്റിയതിനു പകരം 50 തൈകൾ വച്ചുപിടിപ്പിക്കുന്നതിന് തൈ ഒന്നിന് 10 രൂപ | 500.00 രൂപ |
| ജൈവവളം | 2250.00 രൂപ |
| രാസവളം | 2300.00 രൂപ |
| സസ്യസംരക്ഷണം | 2200.00 രൂപ |

സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007–2008–ൽ 9500 ഹെക്ടർ അടയ്ക്കാത്തോട്ടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 11.70 കോടി രൂപ അനുവദിച്ചതിൽ 11.68 കോടി രൂപ അടയ്ക്കാത്തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനും 2.94 ലക്ഷം രൂപ ബോധവൽക്കരണത്തിനുമാണ് വകയിരുത്തിയിട്ടുള്ളത്.

149 (*638) ഫാം ഇൻഫർമേഷൻ ബ്യൂറോ

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഈ സർക്കാർ മൂന്ന് യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ടെന്നും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള ഉപദേശക സമിതി യോഗം കൂടുകയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്നറിയിച്ചു. കേരള കർഷകൻ മാസിക, ഹരിതദളം ന്യൂസ് ലെറ്റർ, നൂറുമേനി വീഡിയോ പ്രോഗ്രാം, ആകാശവാണി–ദൂരദർശൻ കാർഷിക മേഖലാ വാർത്തകൾ, എക്സിബിഷൻ, പ്രസ് റിലീസുകൾ, ലഘുലേഖകൾ, കൈപുസ്തകങ്ങൾ എന്നിവയിലൂടെ കാർഷികരംഗത്തെ വിവിധ പദ്ധതികളും ഗവേഷണഫലങ്ങളും കൃഷി രീതികളും കർഷകരിൽ എത്തിക്കുന്നു. ദൂരദർശൻ, ആകാശവാണി എന്നിവയിലൂടെയുള്ള എഫ്.ഐ.ബി.യുടെ പരിപാടികൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആകാശവാണിയിലൂടെയുള്ള കാർഷിക മേഖലാ വാർത്തകളിൽ ആഡിയൻസ് റിസർച്ച് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്.

150 (*639) ടെണ്ടർ നടപടിക്രമങ്ങളും കരാർ വ്യവസ്ഥകളും

മരാമത്ത് വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നിലവിലുള്ള പി.ഡബ്ള്യൂ.ഡി. കോഡ്, പി.ഡബ്ള്യൂ.ഡി. മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ടെണ്ടർ നടപടിക്രമങ്ങളും കരാർ വ്യവസ്ഥകളും ക്രമീകരിച്ചിട്ടുള്ളതെന്നും ടെണ്ടർ വിജ്ഞാപനങ്ങൾ കേരളാ ഗവണ്മെന്റ് വെബ്സൈറ്റുകളിലൂടെയും പത്ര മാദ്ധ്യമങ്ങളിലൂടെയും പരസ്യം ചെയ്തും ബന്ധപ്പെട്ട ഓഫീസുകളുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചും മറ്റും സുതാര്യത ഉറപ്പുവരുത്തുന്നുണ്ടെന്നും അറിയിച്ചു. ടെണ്ടർ നടപടിക്രമങ്ങളിലും കരാർ വ്യവസ്ഥകളിലും സുതാര്യത ഉറപ്പുവരുത്തുന്നതിനായി പി.ഡബ്ള്യൂ.ഡി. മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

151 (*651) ആർ.ഐ.ഡി.എഫ്.ടൂറിസം പദ്ധതികൾ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വിനോദസഞ്ചാര വകുപ്പിൽ നബാർഡ് വഴി ആർ.ഐ.ഡി.എഫ്. സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും റോഡുകൾക്കുപുറമെ കുടിവെള്ളം, പരമ്പരാഗത കൃഷി-വ്യവസായ മേഖലകളുമായി ബന്ധപ്പെട്ട ഗ്രാമീണ ടൂറിസം പദ്ധതികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്നുമറിയിച്ചു. നബാർഡുവഴി 40 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വാട്ടർ അതോറിറ്റി, കിറ്റ്കോ, പൊതുമരാമത്ത് വകുപ്പ് എന്നീ സ്ഥാപനങ്ങൾവഴി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. നബാർഡിന്റെ ധനസഹായത്തോടുകൂടി അതിരപ്പിള്ളി-വാഴച്ചാൽ പദ്ധതി പൂർത്തിയാക്കുകയും, പാലക്കാട് ജില്ലയിലെ

നെന്മാറ-നെല്ലിയാമ്പതി റോഡ് പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നതിനുപുറമെ താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ജില്ല | റോഡ് | രൂപ(ലക്ഷത്തിൽ) |
|---|---|---|
| എറണാകുളം | കാലടി-മലയാറ്റൂർ | 154 |
| കോട്ടയം | കുമരകം | 691 |
| കാസർഗോഡ് | ബേക്കൽ-പനയിൽ | 130 |
| തൃശ്ശൂർ | നാട്ടിക-വാടാനപ്പള്ളി ബീച്ച് | 100 |

152 (*659) <u>സ്പെഷ്യൽ സ്ക്വാഡ്</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഒരു എസ്.പി., ഏഴ് ഡിവൈ.എസ്.പി/അസി.കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി. വിഭാഗം പുന:സംഘടിപ്പിച്ചുകൊണ്ട് ഒരു പ്രത്യേക ആഭ്യന്തര സുരക്ഷാ വിഭാഗം രൂപീകരിച്ചിട്ടുണ്ടെന്നറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

213 (4654) <u>ഫയർ ഫോഴ്സിന് അണ്ടർ വാട്ടർ ക്യാമറ</u>

വെള്ളത്തിൽ മുങ്ങി മരിക്കുന്നവരെ കണ്ടെത്തുവാൻ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലേയ്ക്ക് മൂന്ന് അണ്ടർ വാട്ടർ ക്യാമറകൾ വാങ്ങുന്നകാര്യം പരിഗണിച്ചുവരുന്നു.

214 (4690) <u>വിജിലൻസ് കേസ്</u>

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ് ഉൾപ്പെടെയുള്ള 63 ഭാരവാഹികളുടെ പേരിൽ നിലവിലുള്ള 38 വിജിലൻസ് കേസ്സുകളിൽ ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാല് കേസ്സുകൾക്ക് വിജിലൻസ് അന്വേഷണ ഉത്തരവ് നൽകിയിട്ടുണ്ട്; മൂന്ന് കേസ്സുകൾ ഗവണ്മെന്റിന്റെ പരിഗണയിലുണ്ട്. പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്ന് വിജിലൻസ് ഡയറക്ടർക്ക് ബോധ്യപ്പെട്ട 38 കേസ്സുകൾ പെന്റിംഗിലുണ്ട്.

215 (4702) കൃഷി ഫാമുകൾ

കൃഷി വകുപ്പിന്റെ കീഴിലുള്ള 61 ഫാമുകളിൽ കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 10 സ്പെഷ്യൽ ഫാമുകളും ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങളും 10 ജില്ലാ കൃഷിത്തോട്ടങ്ങളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടുന്നു. ഈ ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ ഉദ്യോഗസ്ഥരുടെ ശമ്പളം, തൊഴിലാളികളുടെ വേതനം, നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 2006-07 സാമ്പത്തികവർഷം 18.72 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

216 (4734) നീർത്തടാധിഷ്ഠിത പദ്ധതി

കൃഷി (മണ്ണു സംരക്ഷണവിഭാഗം) വകുപ്പ് നീർത്തട വികസനത്തിനായി നബാർഡിന്റെയും കേന്ദ്ര സർക്കാരിന്റേയും സഹകരണത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

സംസ്ഥാനാവിഷ്ക്കൃത പദ്ധതികൾ

നബാർഡിന്റെ അടിസ്ഥാന സൗകര്യവികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ (ആർ.ഐ.ഡി.എഫ്)

ശുദ്ധജല വിതരണ പദ്ധതികളിലെ ജലസംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

കബനി നദീതട മണ്ണ് ജല സംരക്ഷണ പദ്ധതി

ദേശീയ നീർമറി വികസന പദ്ധതി (എൻ.ഡബ്ള്യൂ.ഡി.പി.ആർ.എ.)

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ഐ.ഡി.എഫ് പദ്ധതിക്ക് നബാർഡിൽ നിന്നും 11.28 കോടി രൂപയുടേയും കേന്ദ്ര സർക്കാരിൽ നിന്ന് കബനി നദീതട പദ്ധതി, ദേശീയ നീർമറി വികസന പദ്ധതി എന്നിവയ്ക്കായി 18.38 കോടി രൂപയുടേയും ധനസഹായം ലഭ്യമായിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയും ദേശീയ നീർമറി വികസന പദ്ധതിയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നുണ്ട്. ശുദ്ധജല സംഭരണികളുമായി ബന്ധപ്പെട്ട നീർത്തട പദ്ധതികൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിലും കബനി നദീതട പദ്ധതി വയനാട് ജില്ലയിലുമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾ സംസ്ഥാനത്ത് പദ്ധതി വിഹിതത്തിന്റേയും ഭൂവിഭവ സംബന്ധമായ പരിഗണനകളുടേയും അടിസ്ഥാനത്തിൽ വ്യാപിപ്പിക്കുന്നതാണ്.

217 (4766) <u>റോഡപകടങ്ങൾ</u>

റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് തിരക്കേറിയ കവലകളിലും റോഡരികിലും നടപ്പാതകൾ നിർമ്മിക്കുകയും ട്രാഫിക് സിഗ്നലുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുവാൻ ആഭ്യന്തര വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യും. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ പ്രധാനകാരണങ്ങൾ സംബന്ധിച്ച് Institutional Strengthening Action Plan മുഖേന M/s.Vic Roads International എന്ന കൺസൾട്ടന്റ് വഴി കെ.എസ്.ടി.പി.യുടെ ഫണ്ട് ഉപയോഗിച്ച് പഠനം നടത്തിയതിന്റെ

വെളിച്ചത്തിൽ റോഡ് സുരക്ഷാപണികൾ വിവിധ സ്ഥലങ്ങളിൽ നടപ്പാക്കുന്നുണ്ട്.

218 (4774) <u>നബാർഡ് സഹായത്തോടെയുള്ള പ്രവൃത്തികൾ</u>

ഈ സാമ്പത്തികവർഷം നബാർഡിന്റെ സഹായത്തോടെ 20 റോഡുകളുടേയും 13 പാലങ്ങളുടേയും പണി നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതുകൂടാതെ ഏതാനും പണികൾക്കുകൂടി സാമ്പത്തിക സഹായം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓലശ്ശേരി പാളയംകോട് റോഡിന്റെ നിലവിലുള്ള പുനരുദ്ധാരണ പ്രവൃത്തിയും പാളയംകോട് ചിറ്റൂർ പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ നിലവിലുള്ള പണിയും നബാർഡ് ധനസഹായത്തിനായി സമർപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.